# വിശ്വാസപരിശീലനകേന്ദ്രം

1. **മാർച്ച് 02-ാം തീയതി ഞായറാഴ്ച :** IV മുതൽ IX വരെ ക്ലാസ്സിലെ ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 35ൽ 28 മാർക്ക്) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സുകളും മാർക്ക് ലിസ്റ്റും മാർച്ച് 02-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഈ ഉത്തരക്കടലാസ്സുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക (*വചനദീപം,* പേജ് 37-38). സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്.

2. **മാർച്ച് 09-ാം തീയതി ഞായറാഴ്ച :**
   a) ഒന്നാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സു വരെയുള്ള കുട്ടികളുടെ പരീക്ഷയുടെ മാർക്ക്, ഇന്റേണൽ മാർക്ക്, ഹാജർ ശതമാനം എന്നിവ ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി മാർച്ച് 09-ാം തീയതി ഞായറാഴ്ചയാണ്.
   b) ഇടവക കാറ്റിക്കിസം വാർഷിക റിപ്പോർട്ട് (2024-25) ഫൊറോനയിൽ എത്തിക്കേണ്ട അവസാന തീയതി മാർച്ച് 09-ാം തീയതി ഞായറാഴ്ചയാണ്.

3. **ഇന്റൻസീവ് ബൈബിൾ കോഴ്സ്: 29**-ാമത് IBC-യ്ക്ക് ഒരുക്കമായി അതിരൂപതാകേന്ദ്രം "പ്രാർത്ഥനയിൽ വളരാം" എന്ന വിഷയത്തെ ആസ്പദമാക്കി LP, UP, HS വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള Hand Book തയ്യാറാക്കുന്നതാണ്. വിശ്വാസപരിശീലനത്തിന്റെ ഭാഗമായിട്ടുള്ള വേനൽക്കാലാവധിയിലെ കാറ്റിക്കിസം പ്രോഗ്രാമായ IBC യുടെ അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം

2025 മാർച്ച് 25-ാം തീയതി നിർവ്വഹിക്കുന്നതാണ്. Intensive Bible Course മാർച്ച് മാസം 31-നും ഈസ്റ്ററിനും ഇടയ്ക്കുള്ള സൗകര്യപ്രദമായ ദിവസങ്ങളിൽ നടത്തണമെന്ന് ഓർപ്പിക്കുന്നു. ഇന്റൻസീവ് ബൈബിൾ കോഴ്സ് ക്യാമ്പിനും ധ്യാനത്തിനും പകരമല്ല എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

4. **ഫൊറോന കൺവെൻഷനുകൾ:** ഫൊറോന കൺവെൻഷനുകൾ അതത് ഫൊറോനകളുടെ സൗകര്യാർത്ഥം അതിരൂപതാകേന്ദ്രവുമായി ആലോചിച്ചതിനുശേഷം നടത്താവുന്നതാണ്.

5. **രണ്ടാം സെമസ്റ്റർ പരീക്ഷ:** വിശ്വാസപരിശീലനത്തിന്റെ ഒന്നാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച്ച 10.30 A.M. മുതൽ 12.30 P.M. വരെ അതത് ഇടവകകളിൽ നടത്തി.

6. **പുനഃപരീക്ഷ:** **X, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ** ആയതിനാൽ ഈ ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള **പുനഃപരീക്ഷ 2025 ഏപ്രിൽ 12-ന്** ആയിരിക്കും. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും. XI-ാം ക്ലാസ്സിലെ പുനഃപരീക്ഷ അതത് ഇടവകയിൽ നടത്തി **ഏപ്രിൽ 12-ന്** മുമ്പ് മാർക്ക് കാറ്റികോർപ്പിൽ Enter ചെയ്യുക.

7. **സന്മാർഗബോധന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ:** റെഗുലർ സ്കൂളുകളിലെ IV, VII, X & XII ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ 2025 ഫെബ്രുവരി 08 ശനിയാഴ്ച്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ 3 സെന്ററുകളിലായി നടത്തി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**